പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

2019 നവംബർ 5 , ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

# മെഡിസെപ് പദ്ധതി

ചോദ്യം : 2290
ശ്രീ.കെ.വി.വിജയദാസ്

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | മെഡിസെപ് പദ്ധതിയുടെ വ്യവസ്ഥകൾക്ക് അന്തിമരൂപമായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ; | ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി , 15.07.2019 ലെ സ.ഉ (പി)നം . 87/2019/ധന ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി (REQUEST FOR PROPOSAL)യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദു ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെണ്ടറിനു മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | നിർദ്ദിഷ്ട മെഡിസെപ് പദ്ധതി കേരള സർക്കാരിന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന (എസ്.എൽ.ഐ.) നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ; | 30 ലക്ഷത്തോളം ഗുണഭോക്താക്കളെ ഉൾക്കൊള്ളുന്ന ധനകാര്യ വകുപ്പിന്റെ പ്രോജക്ടാണ് സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമായുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്പ്). സംസ്ഥാന സർക്കാർ ജീവനക്കാർക്കായി എസ് .എൽ .ഐ മുഖേന നടപ്പിലാക്കുന്ന മറ്റു ലൈഫ് ഇൻഷ്വറൻസ് സ്കീമുകളുമായി (ജിഐഎസ്, ജിപി എ ഐ എസ് മുതലായവ) താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകൾ വളരെ സങ്കീർണമാണ്. ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടത്തിപ്പിലെ സങ്കീർണതകൾ കണക്കിലെടുക്കുമ്പോൾ നിർദ്ദിഷ്ട സ് കീം നിലവിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നത് അഭികാമ്യമല്ല. |
| (സി) | എസ്.എൽ.ഐ . മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സ്വകാര്യ ആശുപത്രികൾക്കും ജീവനക്കാർക്കും പെൻഷൻകാർക്കും കൂടുതൽ വിശ്വാസ്യത ലഭിക്കും എന്നുള്ള സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ? | |

സെക്ഷൻ ഓഫീസർ